## അപ്പീൽ അധികാരി & തഹസിൽദാരുടെ നടപടിക്രമം
(ഹാജർ: മണികണ്ഠൻ.കെ.ആർ)

A7-5928/17 തീയതി : 10/02/17

---

വിഷയം : വിവരാവകാശ നിയമം - 2005 – അപ്പീൽ തീർപ്പാക്കുന്നത് - സംബന്ധിച്ച്

പരാമർശം : 1) ശ്രീ.സുഭാഷ്.എസ് ആറ്റിപ്ര വില്ലേജ് ഓഫീസർ സമർപ്പിച്ച വിവരാവകാശ അപേക്ഷ

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 30/12/16-ലെ 51/16 വി.അ.നി.നമ്പർ മറുപടി

3) കക്ഷി 9/1/2017-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ

4) കളക്ടറേറ്റിലെ 7/1/17-ലെ 12/1/2017-ന് ഈ കാര്യാലയത്തിൽ ലഭിച്ച ബി15-107994/16/എൻഡിസ് നമ്പർ കത്ത്

*****

ശ്രീ.സുഭാഷ്.എസ് സൂചന(1)പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയപരിധി കഴിഞ്ഞ് ലഭ്യമായ സൂചന(2)പ്രകാരമുള്ള മറുപടി തൃപ്തികരമല്ല എന്ന് കാണിച്ചാണ് അപ്പീൽ സമർപ്പിച്ചിട്ടുള്ളത്.

ടി അപ്പീൽ പരിഗണിച്ച് 3/2/2017-ന് ഹിയറിംഗ് നിശ്ചയിച്ചിരുന്നുവെങ്കിലും കക്ഷി ഹാജരായില്ല. വില്ലേജ് ഓഫീസർ ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു.

കക്ഷിയുടെ വിവരാവകാശ അപേക്ഷ പരിശോധിച്ചതിൽ കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ വില്ലേജ് ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളവയല്ല. ബഹുമാനപ്പെട്ട സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നമ്പർ.7784/SIC-Geb4/09 dtd:24/7/2009-ാം നമ്പർ ഉത്തരവ് പ്രകാരം വിശദീകരണങ്ങൾ, വ്യാഖ്യാനങ്ങൾ മുതലായവ ആവശ്യപ്പെടുക, അഭിപ്രായങ്ങൾ തേടുക, വിവരങ്ങൾ ക്രോഡീകരിച്ച് നൽകുക. സുദീർഘവും, സങ്കീർണ്ണവുമായ ചോദ്യങ്ങൾ ചോദിക്കുക, പരാതിക്ക് പരിഹാരം ആവശ്യപ്പെടുക എന്നിവ വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്ന

കാര്യങ്ങളല്ല. എന്നിരുന്നാലും കക്ഷിയുടെ സൂചന(1)പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് വില്ലേജ് ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ അപേക്ഷയിലെ ക്രമനമ്പർ5-ലെ പോലീസ് സഹായത്തോടെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചത് സംബന്ധിച്ച് വിവരങ്ങൾ വില്ലേജ് ഓഫീസിൽ അറിയിച്ചിട്ടില്ല എന്നും അപേക്ഷകൻ പരാമർശിക്കുന്ന കെട്ടിടം സർക്കാർ ഭൂമിയിലാണോ എന്ന വിവരം താലൂക്ക് സർവ്വെയർ മുഖാന്തിരം അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമെ അറിയാനാകു എന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സൂചന(2)പ്രകാരം നൽകിയിരിക്കുന്ന മറുപടി സത്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയും ടി വിവരങ്ങൾ കക്ഷിയെ അറിയിച്ചും അപ്പീൽ തീർപ്പാക്കുന്നു.

അപ്പീൽ അധികാരി &
തഹസിൽദാർ

രണ്ടാം അപ്പീൽ അധികാരി - സംസ്ഥാന വിവരാവകാശ കമ്മീഷൻ,
കേരളം,തിരുവനന്തപുരം

പകർപ്പ് 1) സുഭാഷ്.എസ്, ഗാലറി, പൗണ്ട്കടവ്, വലിയവേളി,
തിരുവനന്തപുരം-695021
2) സ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(വില്ലേജ് ഓഫീസർ, ആറ്റിപ്ര)

0527476 GOVERNMENT OF KERALA